**കോവിഡ്കാലത്തെകരുതൽ -കുടുംബശ്രീ**

**പെരുവെമ്പ് സിഡിഎസ്സ്**

**കൊല്ലങ്കോട് ബ്ലോക്ക്**

കോവിഡിനെ പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീഅംഗങ്ങളുടെ പങ്ക് വളരെ വലുതാണ്.ഈ കോവിഡ്കാലത്ത്പെരുവെമ്പ് സിഡി എസ്സിലെ കുടുംബശ്രീ അംഗങ്ങളും പല പ്രവർത്തങ്ങളിൽപങ്ക് ചേർന്നു.കമ്മ്യൂണിറ്റി കിച്ചൻ, മാസ്ക് നിർമാണം, സപ്ലൈകോ ഫുഡ് കിറ്റ് പാക്കിങ്, ആശ്രയാ കിറ്റ് വിതരണം എന്നിവ അവയിൽ ചിലത് മാത്രം .

## കമ്മ്യൂണിറ്റികിച്ചൻ

സമൂഹ അടുക്കള പ്രവർത്തനം പെരുവെമ്പ് പഞ്ചായത്തിലും സജീവമായി നടന്നു കൊണ്ടിരിക്കുന്നു..28 മാർച്ച് 2020 നാണ്സമൂഹഅടുക്കളപ്രവർത്തനം ആരംഭിച്ചത്.തങ്കം കാറ്ററിംഗ് യൂണിറ്റിലെ 3 കുടുംബശ്രീ വനിതകൾ ആണ് ഇതിൽ പ്രവർത്തിക്കുന്നത്. എല്ലാ വർഡുകളിൽനിന്നുംഭക്ഷണംആവശ്യമുള്ളവരെകണ്ടത്തിസന്നദ്ധസേനഅംഗ ങ്ങളുടെ സഹായത്തോടെവീടുകളിൽഎത്തിച്ചുനൽകികൊണ്ടിരിക്കുന്നു .ദിവസവും50 ലേറെഭക്ഷണ പൊതികൾസമൂഹ അടുക്കള വഴിവിതരണംചെയ്തുവരുന്നു

## മാസ്ക് നിർമ്മാണം / സപ്ലൈകോകിറ്റ്പാക്കിങ്

കുടുംബശ്രീCDS ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന യൂണിറ്റുകൾആയ ദീപം, ഐശ്വര്യം, ശുഭ ശ്രീ എന്നീ ടെയ്ലറിങ് യൂണിറ്റുകൾ ചേർന്നു 1800 ഓളം മാസ്ക്ക് നിർമിച്ചു നൽകി. ഇപ്പോഴും ഓർഡർ അനുസരിച്ചു മാസ്ക് നിർമാണം നടത്തി കൊണ്ടിരിക്കുന്നു



എല്ലാറേഷൻ കാർഡ് ഉടമകൾക്കും നൽകുവാനുള്ള സൗജന്യ കിറ്റ്പാക്കിംഗ് കുടുംബശ്രീ അംഗങ്ങൾ മുഖേനയാണ്നടന്നത്. പഞ്ചായത്തിലെ 4, 11, 12 എന്നീ വാർഡ് കളിലെ കുടുംബശ്രീ അംഗങ്ങൾ ഇതിൽ പങ്കെടുത്തു. 165പേരുടെ പണി ആണ് അവർ എല്ലാരും കൂടി ചെയ്തത് .



**മുഖ്യമന്ത്രിയുടെസഹായ ഹസ്തംപദ്ധതി**

CDS നു കീഴിൽ പതിമൂന്നു വാർഡുകളിലായി170 അയൽക്കൂട്ടങ്ങൾപ്രവർത്തിച്ചുവരുന്നു.അർഹതാമാനദണ്ഡങ്ങൾഅനുസരിച്ച്തിരഞ്ഞെടുത്ത140അയൽക്കൂട്ടങ്ങളിലെ1542കുടുംബശ്രീവനിതകൾലോണിന്നിലവിൽഅപേക്ഷസമർപ്പിച്ചു.110 അയൽക്കൂട്ടങ്ങളിലെ1229 അംഗങ്ങൾക്ക്8910250രൂപപാസായി.

# അടുക്കളത്തോട്ടം

കൃഷിഭവനിൽനിന്നുപച്ചക്കറിവിത്തുകൾകുടുംബശ്രീവനിതകൾക്ക് വിതരണംചെയ്തു.അത് വഴി വീട്ടിൽ ഒരു അടുക്കള തോട്ടം ഒരുക്കാൻ കുടുംബശ്രീ അംഗങ്ങളെ പങ്കാളികളാക്കി.കോവിഡ് കാലത്തെ ഒഴിവ് സമയം ഫലപ്രദമായി ഉപയോഗിക്കാൻ അവർക്ക് ഇതിലൂടെ സാധിച്ചു.

**വയോജനസുരക്ഷ**

60 വയസ്സിന്മുകളിലുള്ള വയോജനങ്ങളെ ഫോൺമുഖേന വിളിച്ച്കോവിഡ്പ്രതിരോധത്തെ സംബന്ധിച്ചു കുടുംബശ്രീ സ്നേഹിത പ്രവർത്തകർകൌൺസിലിങ്നല്കി. ആവശ്യമുള്ളവർകു പിഎച്ച്സിയിൽനിന്നും ആവശ്യമായ മരുന്നുകൾനമ്മുടെ കുടുംബശ്രീഅങ്ഗംങ്ങൾവഴിയും സന്നദ്ധസേനപ്രവർത്തകർമുഖേനയും വീടുകളിൽഎത്തിച്ച്നല്കി . രണ്ട് ആർപിമാരെ ഉപയോഗിച്ച് ഫോൺവിളിച്ച്സേവനംലഭ്യമാക്കി.

ആശ്രയകിറ്റ്വിതരണം

മാസം തോറുംനൽകി വരാറുള്ളആശ്രയ കിറ്റ്വിതരണംലോക്ക് ഡൗൺകാലത്തുംതുടർന്നു.
ആശ്രയഅംഗങ്ങൾക്ക്അവരുടെവീടുകളിൽകിറ്റ്എത്തിച്ചുനൽകി.CDS മെമ്പർ മാർ, കുടുംബ ശ്രീഅംഗങ്ങൾ എന്നിവർ മുഖേന ആണ്കിറ്റുകൾ വിതരണം ചെയ്തത്.

തയ്യാറാക്കിയത് :ദ്വിതീയ .KH(എം.ഇ& മാർക്കറ്റിംഗ്)

ബ്ലോക്ക്:കൊല്ലങ്കോട്